# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1305** — **04.02.2019-ൽ മറുപടിക്ക്**

## എയ്ഡഡ് സ്കൂളിന്റെ ഉടമസ്ഥാവകാശം

| ചോദ്യം<br>ശ്രീ. കെ. ദാസൻ | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) എയ്ഡഡ് സ്കൂളിന്റെ ഉടമസ്ഥാവകാശം അതേ സ്കൂളിലല്ലാത്ത എയ്ഡഡ് സ്കൂൾ അദ്ധ്യാപകന് സ്വീകരിക്കാൻ സാധിക്കുമോ; വ്യക്തമാക്കാമോ; | (എ) സാധിക്കുന്നതാണ്. |
| (ബി) ഇതിനായി സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങിക്കേണ്ടതുണ്ടോ; | (ബി) ഇല്ല. |
| (സി) ഒസ്യത്തായി ലഭിച്ച സ്കൂളിന്റെ ഉടമസ്ഥാവകാശം ലഭിക്കാനായി പ്രത്യേകാനുമതി വാങ്ങേണ്ടതുണ്ടെങ്കിൽ ആർക്കാണ് അപേക്ഷ നൽകേണ്ടതെന്നും അപേക്ഷയുടെ കൂടെ എന്തെല്ലാം രേഖകൾ ഹാജരാക്കേണ്ടതുണ്ടെന്നും വിശദമാക്കാമോ? | (സി) ഒസ്യത്തായി ലഭിച്ച എയ്ഡഡ് സ്കൂളിന്റെ ഉടമസ്ഥാവകാശം സ്വന്തമാക്കുന്നതിന് 1959-ലെ കേരള വിദ്യാഭ്യാസ ചട്ടം അധ്യായം III, ചട്ടം 5 A പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ മുൻകൂർ അനുമതി വാങ്ങേണ്ടതും ആയതിന് വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. ഒസ്യത്തിന്റെ അസ്സൽ, മുന്നാധാരത്തിന്റെ പകർപ്പ്, സോൾവൻസി സർട്ടിഫിക്കറ്റ്, സ്കൂളിന്റെ സ്ഥാവര-ജംഗമ വസ്തുക്കളുടെ പട്ടിക (വിദ്യാഭ്യാസ ഓഫീസർ സാക്ഷ്യപ്പെടുത്തിയത്), കൈവശാവകാശ സർട്ടിഫിക്കറ്റ്, ഭൂനികുതി ഒടുക്കിയ രസീത്, വിദ്യാഭ്യാസ ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്റ്റാഫ് സ്റ്റേറ്റ്മെന്റ്, ഒസ്യത്തുകാരന്റെ മരണ സർട്ടിഫിക്കറ്റ്, മുൻ മാനേജരുടെ നിയമനം വകുപ്പ് തലത്തിൽ അംഗീകരിച്ച ഉത്തരവിന്റെ പകർപ്പ്, 1959-ലെ കേരള വിദ്യാഭ്യാസ ചട്ടം അധ്യായം III, ചട്ടം 8 പ്രകാരമുള്ള സത്യപ്രസ്താവന നോട്ടറി സാക്ഷ്യപ്പെടുത്തിയത്, ഒസ്യത്ത് ലഭിച്ചയാളെ സംബന്ധിച്ച പോലീസ് ക്ലീയറൻസ് സർട്ടിഫിക്കറ്റ് എന്നീ പ്രമാണങ്ങളാണ് ഇതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത്. |

Heena. V

സെക്ഷൻ ഓഫീസർ